പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 980

30/06/2015-ലെ
മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) | പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് തൊഴിൽ സംരംഭത്തി നുള്ള 2.90 കോടി രൂപയുടെ ഭരണാനുമതി 2011-ൽ നൽകി യിരുന്നോ; | (എ) | ഇല്ല; എന്നാൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി 2011 സാമ്പത്തിക വർഷം 2,80,08,000/- രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. |
| (ബി) | ആയതിന്റെ നിർവ്വഹണ ചുമതല കെപ്കോയെ ഏൽപ്പിച്ചുകൊണ്ട് ധാരണാ പത്രം ഒപ്പു വെച്ചിരുന്നോ: എങ്കിൽ അത് എന്നാണെന്നും ആരെല്ലാം തമ്മിലാണെന്നും വ്യക്തമാക്കുമോ; | (ബി) | ആയതിന്റെ നിർവ്വഹണ ചുമതല കെപ്കോയെ ഏൽപ്പിച്ചുകൊണ്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും തമ്മിൽ 21.11.2011 ന് ധാരണാ പത്രം ഒപ്പുവെച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവർത്തന ഫണ്ട് കെപ്കോയ്ക്ക് കൈമാറി യിട്ടുണ്ടോയെന്ന് വ്യക്തമാ ക്കുമോ; | (സി) | കെപ്കോയ്ക്ക് അനുവദിച്ച പ്രവർത്തന ഫണ്ട് 25.05.2011ന് കെപ്കോ മാനേജിംഗ് ഡയറക്ടർക്ക് കൈമാറി നൽകിയിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം ജില്ലകളിൽ നിന്നും എത്ര പട്ടികജാതി സ്വയം സഹായ സംഘങ്ങളിലൂടെ പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലായി 90 യൂണിറ്റുകൾ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. |
| (ഇ) | ധാരണാപത്രമനുസരിച്ച് പദ്ധതി യിൻ കീഴിൽ ഗുണഭോ ക്താക്കളെ തെരഞ്ഞെടു ക്കുന്നതിനുള്ള ഉത്തരവാദിത്തം ആർക്കായിരുന്നുവെന്നും ഗുണ ഭോക്താക്കളെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ഇ) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും കെപ്കോ മാനേജിംഗ് ഡയറക്ടറും തമ്മിലുള്ള ധാരണാ പത്രമനുസരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതി നുള്ള ഉത്തരവാദിത്വം പട്ടികജാതി വികസന വകുപ്പിനായിരുന്നു. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന തിനാണ് ധാരണാപത്രം പ്രകാരം തീരുമാനമായത്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത മാനദണ്ഡങ്ങൾ പുതുക്കുന്നതിന് തീരുമാനിച്ചിരുന്നോ; വിശദമാക്കുമോ; | (എഫ്) | മാനദണ്ഡങ്ങൾ പുതുക്കുന്നതിന് തീരുമാനിച്ചിരുന്നില്ല. |
| (ജി) | ഇതുവരെ എത്ര സംഘത്തിന് എത്ര തുക വീതം വിതരണം നടത്തിയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ? | (ജി) | പട്ടികജാതിക്കാർക്കുള്ള കോഴിവളർത്തൽ പദ്ധതിപ്രകാരം 90 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെപ്കോയ്ക്ക് 2,80,08,000/- രൂപ അനുവദിക്കുകയും മേൽ തുക ഡി.ഡി. ആയി കെപ്കോ എം.ഡി കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ ലേബർ ചാർജ്ജ്, മെറ്റീരിയൽ ചാർജ്ജ് എന്നിവയിലുണ്ടായ വർദ്ധനവ് കാരണം അനുവദിച്ച തുക കൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്നും യൂണിറ്റുകളുടെ എണ്ണം 51 ആയി കുറയ്ക്കുകയോ അധിക തുക അനുവദിക്കുകയോ ചെയ്യണമെന്ന് കെപ്കോ ശുപാർശ ചെയ്യുകയും ആയത് പ്രകാരം കെപ്കോയ്ക്ക് അനുവദിച്ച തുകയും ആയതിന്റെ പലിശയും കൂടി ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും ആയതിന് സർക്കാർ ഉത്തരവ് **G.O(Rt) No. 218/15/SCSTDD, Dated 09.02.2015** പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനുള്ള നടപടി അടിയന്തിരമായി ആരംഭിക്കുന്നതിന് കെപ്കോ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ സംഘങ്ങൾക്ക് തുക വിതരണം ആരംഭിച്ചിട്ടില്ല. |

Bala K.T

സെക്ഷൻ ഓഫീസർ